(ബി) നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേനയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയത്. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, സെർവർ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രാഥമികമായി 2,25,00,000 രൂപയാണ് വകയിരുത്തിയിരുന്നത്.

(സി) ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയതിനുശേഷം സോഫ്റ്റ്‌വെയർ വികസിപ്പിക്കാനും കരാർ ജീവനക്കാരുടെ ശമ്പളത്തിനും ജീവനക്കാർക്ക് പരിശീലനം നൽകാനുമായി എൻ.ഐ.സി.-ക്ക് നൽകിയ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

- കരാർ ജീവനക്കാരുടെ ശമ്പളം- 7,28,95,693.
- സോഫ്റ്റ്‌വെയർ വികസിപ്പിച്ചതിനും പരിപാലത്തിനും 2,77,30,029.
- ആകെ - 10,06,25,722 രൂപ.

(ഡി) ഇ-ഓഫീസിന്റെ പരിപാലനത്തിനായി (സെർവർ മാനേജ്മെന്റ് ഡാറ്റാ ബേസ് മാനേജ്മെന്റ് ട്രെയിനിംഗ് തുടങ്ങിയവ) നിയോഗിച്ചിരിക്കുന്ന കരാർ ജീവനക്കാരുടെ ശമ്പളയിനത്തിൽ ഓരോ വർഷവും 2 കോടിയോളം രൂപ എൻ.ഐ.സി.-യ്ക്ക് കൈമാറുന്നുണ്ട്. പ്രസ്തുത സാമ്പത്തിക ചെലവ് തുടർന്നും വഹിക്കേണ്ടതായിട്ടുണ്ട്.

### ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം

9(3473) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കോഴിക്കോട് കളക്ടർക്കെതിരെ വാഹന ദുരുപയോഗം സംബന്ധമായ വ്യാജ റിപ്പോർട്ട് തയ്യാറാക്കിയ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ ചീഫ് സെക്രട്ടറിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ ഇതിനകം സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

(ബി) ക്വാറി-മണൽ മാഫിയയുമായി ഗൂഢാലോചന നടത്തിയതായി ആരോപിക്കപ്പെട്ട പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വെളിപ്പെടുത്തുമോ;

(സി) കുറ്റാരോപിതരായ മേല്പറഞ്ഞ ധനകാര്യ വകുപ്പിലെ പരിശോധന വിഭാഗം ഉദ്യോഗസ്ഥരുടെ കഴിഞ്ഞ അഞ്ച് വർഷത്തെ സ്വത്ത് വിവരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിൽ വെളിപ്പെടുത്താത്ത വിവരങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് കളക്ടറുടെ വാഹന ദുരുപയോഗം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയ ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്മേലുള്ള ഭരണ വകുപ്പിന്റെ നടപടി റിപ്പോർട്ട് 4-6-2019-ന് ധനകാര്യ വകുപ്പിൽ ലഭ്യമായതിനാൽ ഫയലിൽ തുടർനടപടി ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ചീഫ് സെക്രട്ടറിക്ക് നൽകിയ പരാതിയിൽ ധനകാര്യ പരിശോധന വിഭാഗം ഉദ്യോഗസ്ഥർ ക്വാറി-മണൽ മാഫിയയുമായി ഗൂഢാലോചന നടത്തിയതായി ആരോപണം ഉന്നയിച്ചിട്ടില്ല.

**ഫയലുകൾ തീർപ്പാക്കാനുള്ള കാലതാമസം**

10 (3474) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിനുകീഴിലുള്ള വിവിധ വകുപ്പുകളിൽ എത്ര ഫയലുകളാണ് നാളിതുവരെയായി തീർപ്പാക്കാതെ അവശേഷിക്കുന്നത്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇ- ഓഫീസ് സംവിധാനം നിലവിൽവന്നിട്ടും ഫയലുകൾ തീർപ്പാക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) കോടതി നടപടികളില്ലാത്തതും നയപരമായ തീരുമാനം ആവശ്യമില്ലാത്തതുമായ ഫയലുകളിൽപ്പോലും അനാവശ്യ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസ മുണ്ടാകുന്നതിന് പ്രധാന കാരണം കീഴ്കാര്യാലയങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിവരുമ്പോഴുള്ള താമസമാണ്. വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്